# 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2023 ആഗസ്റ്റ് 10-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ  സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി XII
# ആരോഗ്യവും കുടുംബക്ഷേമവും
# (2021-2023)

**ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീമതി വീണാ ജോർജ്ജ്,
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

# 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയച്ച 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ (ബിൽ നമ്പർ 169), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ 2023 ആഗസ്റ്റ് 3-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2023 ആഗസ്റ്റ് 8-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

(4) 2023 ആഗസ്റ്റ് 8-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(5) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

<u>ഖണ്ഡം 2</u>

ബില്ലിലെ 2-ാം ഖണ്ഡത്തിലെ ഉപഖണ്ഡം (ഡി) ഒഴിവാക്കേണ്ടതും നിലവിലുള്ള ഉപഖണ്ഡം (ഇ) ഉപഖണ്ഡം (ഡി) ആയി പുനരക്ഷരം ചെയ്യേണ്ടതുമാണ്.

ഖണ്ഡം 3

(i) ബില്ലിലെ 3-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 4-ാം വകുപ്പിലെ 1-ാം ഉപവകുപ്പിൽ ഇനം (i) ഒഴിവാക്കേണ്ടതാണ്.

(ii) ബില്ലിലെ 3-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 4-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ നിലവിലുള്ള ഇനം (ii) ഇനം (i) ആയി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഇനം (i)-ൽ നിന്നും, "ഇനം (i)-ൽ വിനിർദ്ദേശിച്ചിട്ടുള്ള കുറ്റം ഒഴികെയുള്ള" എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

(iii) ബില്ലിലെ 3-ാം ഖണ്ഡം (എ) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 4-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ നിലവിലുള്ള ഇനം (iii) ഇനം (ii) ആയി പുനരക്കം ചെയ്യേണ്ടതാണ്.

(iv) ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 4-ാം വകുപ്പിലെ 4-ാം ഉപവകുപ്പിൽ "(ii)-ഉം (iii)-ഉം ഇനങ്ങളിലെ " എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

ഖണ്ഡം 4

ബില്ലിലെ 4-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന 4 (എ) വകുപ്പിൽ ഇനം (iii)-ൽ "ക്ഷമതയുള്ള കോടതിയെ" എന്ന വാക്കുകൾക്ക് പകരം "സെഷൻസ് കോടതിയെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

**വീണാ ജോർജ്ജ്,**

*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

അനുബന്ധം I

## വിയോജനക്കുറിപ്പ്

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിൽ, 'ആരോഗ്യരക്ഷാ സേവന പ്രവർത്തകർ' എന്ന നിർവചനത്തിൽ പാരാമെഡിക്കൽ വിദ്യാർത്ഥികൾ ഉൾപ്പെടെ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനും ആരോഗ്യരക്ഷാ സേവന പ്രവർത്തകരെ 'വാക്കാൽ അപമാനിക്കുന്നത് ' കുറ്റകരമാക്കുന്നതിനും അക്രമ പ്രവർത്തികളെ കുറ്റകൃത്യത്തിന്റെ വ്യാപ്തി അടിസ്ഥാനമാക്കി തരംതിരിച്ച് കുറ്റക്കാർക്ക് പ്രത്യേകം പ്രത്യേകം ശിക്ഷകൾ നൽകുന്നതിനും, ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്ന കുറ്റകൃത്യങ്ങൾ കൊഗ്നസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതുമാക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള വ്യവസ്ഥയുണ്ട്. വേഗത്തിലുള്ള അന്വേഷണം, വിചാരണ മുതലായവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥയും സ്പെഷ്യൽ കോടതികളെയും സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെയും നിയോഗിക്കുന്നതിനുമായി പുതിയ ഒരു വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്ത് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ വർധിച്ചുവരുകയും ഡോ. വന്ദനദാസ് കർത്തവ്യ നിർവ്വഹണത്തിനിടയിൽ കൊല്ലപ്പെടുകയും ചെയ്ത ദൗർഭാഗ്യകരമായ സാഹചര്യത്തിലാണ് കർശനമായ ശിക്ഷയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണത്തിനുള്ള ബില്ല് തയ്യാറാക്കിയിട്ടുള്ളത്.

എന്നാൽ, പ്രധാന ആക്റ്റിൽ ഭേദഗതിയിലൂടെ ഉൾപ്പെടുത്തുന്ന വകുപ്പ് 4(1)(i)-ൽ, 'ആരോഗ്യരക്ഷാ സേവന പ്രവർത്തകനെ അധിക്ഷേപിക്കണമെന്നോ അവഹേളിക്കണമെന്നോ തരംതാഴ്ത്തണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി ഏതെങ്കിലും വാക്കുകൾ ഉച്ചരിക്കുകയാണെങ്കിൽ മൂന്നുമാസം വരെ ആകാവുന്ന വെറുംതടവിനും അല്ലെങ്കിൽ 10,000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും ശിക്ഷിക്കപ്പെടാവുന്നതാണ്' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വ്യവസ്ഥ രോഗികളെയും കൂട്ടിരുപ്പുകാരെയും ആരോഗ്യ സേവന മേഖലയുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരെയും നിസ്സാര കാര്യങ്ങൾക്ക് കേസുകളിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത കൂടുതലാണ് എന്ന് സഭയിലെയും സബ്ജക്ട് കമ്മിറ്റിയിലെയും ചർച്ചയിൽ ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കിയത് സ്വാഗതം ചെയ്യുന്നു. എന്നാൽ, വകുപ്പ് 4(1)(ii) പ്രകാരം അക്രമ പ്രവർത്തനം നടത്തുന്നതിനുള്ള ശിക്ഷയായി വ്യവസ്ഥ ചെയ്തിട്ടുള്ളത് IPC വ്യവസ്ഥകളെക്കാൾ ഉയർന്ന ശിക്ഷയാണ്. IPC 320 പ്രകാരമുള്ള കുറ്റങ്ങൾക്ക് പ്രത്യേക ശിക്ഷ വകുപ്പ് 4(1)(iii)-ൽ പ്രതിപാദിച്ചിരിക്കുന്ന സാഹചര്യത്തിൽ 4(1)(ii)-ലെ വ്യവസ്ഥകളിൽ വ്യക്തത ആവശ്യമാണ്.

ആയതിനാൽ ബില്ലിലെ ചില വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എ. പി. അനിൽ കുമാർ (ഒപ്പ്)

പി. കെ. ബഷീർ (ഒപ്പ്)

കെ. കെ. രമ (ഒപ്പ്)

അനുബന്ധം II

# 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു]

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് (2012-ലെ 14-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2023 മേയ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിലെ (2012-ലെ 14-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ് ;

(ബി) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ,—

(i) ഇനം (iv)-ൽ " നഴ്സിംഗ് വിദ്യാർത്ഥികൾ;" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം " നഴ്സിംഗ് വിദ്യാർത്ഥികളും പാരാമെഡിക്കൽ വിദ്യാർത്ഥികളും;" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ് ;

(ii) ഇനം (v)-ന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ, സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും ; കൂടാതെ" ;

(iii) ഇനം (v)-ന് ശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(vi) കാലാകാലങ്ങളിൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു വ്യക്തിയും." ;

(സി) (സി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) " നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;" ;

[***]

(ഡി) (1)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)

നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഏതൊരാളും,—

[***]

(i) [***] 2-ാം വകുപ്പിലെ (ഇ) ഇനത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു അക്രമ പ്രവർത്തനം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ആണെങ്കിൽ ആറ് മാസത്തിൽ കുറയാതെയും എന്നാൽ അഞ്ച് വർഷം വരെയാകാവുന്നതുമായ തടവുശിക്ഷയ്ക്കും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ് ;

(ii) ആരോഗ്യരക്ഷാ സേവന പ്രവർത്തകനെതിരെ ഒരു അക്രമ പ്രവർത്തനം ചെയ്യുമ്പോൾ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 320-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കഠിനമായ ദേഹോപദ്രവത്തിന് അദ്ദേഹത്തെ വിധേയനാക്കുകയാണെങ്കിൽ, ഒരു വർഷത്തിൽ കുറയാതെയും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ തടവുശിക്ഷയ്ക്കും ഒരു ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ അഞ്ച് ലക്ഷം രൂപവരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്." ;

(ബി) (2)-ാം ഉപവകുപ്പിൽ " ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന് " എന്ന വാക്കുകൾക്ക് പകരം " ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനോ ആരോഗ്യരക്ഷാ സേവന പ്രവർത്തകനോ, അതത് സംഗതിപോലെ," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(സി) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (1)-ാം ഉപവകുപ്പിലെ [***] ഏതൊരു കുറ്റവും കൊഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.".

4. 4 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.— പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"4 എ. അന്വേഷണം മുതലായവ സത്വരമായി പൂർത്തീകരിക്കണമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഏതൊരു കേസും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസർ അന്വേഷിക്കേണ്ടതും അങ്ങനെയുള്ള കേസുകളുടെ അന്വേഷണം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ അറുപതു ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ് ;

(ii) ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു കേസിന്റേയും അന്വേഷണ വിചാരണയിലോ വിചാരണയിലോ നടപടിക്രമങ്ങൾ കഴിയുന്നതും വേഗത്തിൽ നടത്തേണ്ടതും പ്രത്യേകിച്ചും സാക്ഷികളുടെ വിസ്താരം ആരംഭിച്ചാൽ, അത് തുടർന്നുള്ള ദിവസങ്ങൾക്കപ്പുറത്തേക്ക് മാറ്റിവയ്ക്കേണ്ടത് ആവശ്യമാണെന്ന് രേഖപ്പെടുത്തിയ കാരണങ്ങളാൽ കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, ഹാജരായ എല്ലാ സാക്ഷികളെയും വിസ്തരിക്കുന്നതുവരെ അത് ദിനംപ്രതി തുടരേണ്ടതും അന്വേഷണവിചാരണയും വിചാരണയും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതുമാണ് :

എന്നാൽ പ്രസ്തുത സമയത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കാത്ത സംഗതിയിൽ അപ്രകാരം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ കോടതി രേഖപ്പെടുത്തേണ്ടതാണ്:

എന്നുമാത്രമല്ല അപ്രകാരമുള്ള സമയപരിധി, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, അങ്ങനെയുള്ള അധിക സമയത്തേക്ക് ദീർഘിപ്പിക്കാവുന്നതും എന്നാൽ ഒരു സമയം അത് ആറ് മാസത്തിൽ കൂടുതൽ ദീർഘിപ്പിക്കാൻ പാടില്ലാത്തതുമാണ്.

(iii) സത്വരമായ വിചാരണ ഏർപ്പെടുത്തുന്ന ആവശ്യത്തിലേയ്ക്ക് സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ സമ്മതത്തോടുകൂടി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിൻ കീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് ഓരോ ജില്ലയിലേയ്ക്കും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ് ;

(iv) സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഓരോ സ്പെഷ്യൽ കോടതിയിലേയ്ക്കും പ്രസ്തുത കോടതിയിലെ കേസുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കാവുന്നതാണ്.".

5. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (3)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഉപവകുപ്പിനു മുമ്പ് താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

" (2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ആവശ്യമായ സുരക്ഷാ ഉദ്യോഗസ്ഥർ മുതലായവരെ നിയോഗിക്കൽ ;

(ബി) സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ ;

(സി) കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റംസ് മുതലായവ ഏർപ്പെടുത്തൽ ;

(ഡി) തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ ;

(ഇ) ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നും പെരുമാറണമെന്നും സംബന്ധിച്ച പ്രോട്ടോക്കോളുകൾ തയ്യാറാക്കൽ ; കൂടാതെ

(എഫ്) ആക്റ്റിനു കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.".

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് (2023-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

**എ. എം. ബഷീർ,**
*സെക്രട്ടറി.*